# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.507 - 24/1/2018 - ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.കെ.എസ്. ശബരീനാഥൻ<br>ശ്രീ.വി.ടി. ബൽറാം | ശ്രീ. ടി. എം. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### റവന്യൂ /ധനകമ്മി കുറയ്ക്കുന്നതിനായി നിർദ്ദേശം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>റവന്യൂ / ധനകമ്മി കുറയ്ക്കുന്നതിനായി പതിനാലാം ധനകാര്യകമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് നല്കിയിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | റവന്യൂ / ധനകമ്മി കുറയ്ക്കുന്നതിനായി പതിനാലാം ധനകാര്യകമ്മീഷൻ പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നും നൽകിയിരുന്നില്ല.<br>ഉദിക്കുന്നില്ല. |
| (ബി)<br>റവന്യൂ കമ്മി 2019-ഓടെ പൂജ്യത്തിലെത്തിക്കുന്നതിനായി ധനകാര്യകമ്മീഷൻ സംസ്ഥാനത്തിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | റവന്യൂ കമ്മി കുറയ്ക്കുന്നതിനായി പതിനാലാം ധനകാര്യകമ്മീഷൻ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)<br>വർഷം — തുക<br>2015-16 — 4640<br>2016-17 — 3350<br>2017-18 — 1529<br>2018-19 — ഇല്ല<br>2019-20 — ഇല്ല<br>ആകെ — 9519 |
| (സി)<br>ജി.എസ്.ടി നടപ്പിലാക്കിയത് മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | ജി.എസ്.ടി.സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എന്ത് പ്രതിഫലനമാണ് ഉളവാക്കിയിട്ടുള്ളതെന്ന് കൃത്യമായി വിലയിരുത്തുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യ വർദ്ധിത നികുതി അടക്കം) മുൻ വർഷത്തെക്കാൾ 6.36% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചരക്ക സേവനനികുതി പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പന നികുതി + ചരക്കുസേവന നികുതി) 1.33% ആയി |

| | |
|---|---|
| | ഇടിയുകയുണ്ടായി. 2016-17-ൽ ആയത് യഥാക്രമം 7.04%വും 13.13%വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പന നികുതി (വാറ്റ് / ജി.എസ്.ടി. സഹിതം) 2017 നവംബർ 30 വരെ രേഖപ്പെടുത്തിയിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്.2016-17-ൽ ഇത് 10.24% ആയിരുന്നു. അതേസമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി. ജി.എസ്.ടി.കോംപൻസേഷൻ ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം കൂടി കണക്കാക്കുമ്പോൾ ജി.എസ്.ടി. വരുമാനം 14% വളർച്ച നേടുന്നുണ്ട്. ഇത് വാറ്റ് നികുതി വളർച്ചാ നിരക്കിനേക്കാൾ ഉയർന്നതാണ്. എന്നാൽ നാം പ്രതീക്ഷിച്ചതിനേക്കാൾ കറവുമാണ്. |
| (ഡി)<br>ജി.എസ്.ടി കൗൺസിൽ അംഗീകരിച്ച പാക്കേജ് പ്രകാരം ആദ്യത്തെ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം നികത്തുകയില്ലേയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ച നഷ്ടപരിഹാര തുക എത്രയാണെന്ന് വെളിപ്പെടുത്താമോ? | ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതു പ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, എസ്.ജി.എസ്.ടി കളക്ഷനു വേണ്ടി ഉപയോഗിച്ച ഐ.ജി. എസ്.ടി ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട ഗഡുക്കളായി ജൂലൈ - ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.. \| |

സെക്ഷൻ ഓഫീസർ